**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2744** **22-01-2021 - ൽ മറുപടിയ്ക്ക്**

**പക്ഷിപ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ ഈ വർഷമുണ്ടായ പക്ഷിപ്പനി മൂലം താറാവ്/കോഴി കർഷകർക്ക് എത്ര രൂപയുടെ നാശനഷ്ടമാണ് സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിൽ കരുവാറ്റ, പള്ളിപ്പാട് എന്നീ പഞ്ചായത്തുകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. അവിടെ ആകെ 71,76,350/- രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. |
| (ബി) | ഈ മേഖലയിൽ പക്ഷിപ്പനിയുടെ വ്യാപനം തടയുന്നതിനും, കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവർക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ടോ; | (ബി) | പക്ഷിപ്പനി വ്യാപനം ഫലപ്രദമായി തടയുന്നതിന് കേന്ദ്രസർക്കാരിന്റെ പക്ഷിപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശ പ്രകാരം, പ്രഭവ കേന്ദ്രത്തിൽ നിന്നും 1 കി.മീ. ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും, മുട്ട, തീറ്റ എന്നിവയെയും ശാസ്ത്രീയമായി നശിപ്പിക്കുകയുണ്ടായി. 08/01/2021ന് പ്രസ്തുത നടപടികൾ പൂർത്തിയാക്കി അണുനശീകരണം നടത്തിയിട്ടുമുണ്ട്. ഇതു കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കൺട്രോൾ റൂം തുറക്കുകയും രോഗനിരീക്ഷണവും, പ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമായി നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മൃഗസംരക്ഷണ വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്നാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങളും മുൻകരുതലുകളും സംബന്ധിച്ച ബോധവത്കരണ പ്രചരണ പരിപാടികൾ മൃഗസംരക്ഷണ വകുപ്പ്, പബ്ലിക് റിലേഷൻസ് വകുപ്പുമായി ചേർന്ന് നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ബോധവത്കരണം വിപുലമായ രീതിയിൽ ഈ കാലയളവിൽ അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ സംസ്ഥാനത്തുടനീളം നടക്കുകയുണ്ടായി. പക്ഷിപ്പനി മൂലം മരണപ്പെട്ട പക്ഷികളുടെയും കള്ളിംഗ് നടപടി മൂലം നശിപ്പിച്ച പക്ഷികളുടെയും ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സംസ്ഥാന സർക്കാർ സ. ഉ. (സാധാ) നം. 9/2021/എ.എച്ച്.ഡി. തീയതി 07/01/2021 പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിൻപ്രകാരം പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയും കൾ ചെയ്ത പക്ഷികൾക്കും 2 മാസത്തിലധികം പ്രായമായ പക്ഷി ഒന്നിന് 200 രൂപ, 2 മാസത്തിൽ താഴെയുള്ള പക്ഷി ഒന്നിന് 100 രൂപ എന്ന നിരക്കിലും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ നിരക്കിലുമാണ് നഷ്ടപരിഹാരം നൽകുക. നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും അടിയന്തിരമായി ചെലവഴിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടപരിഹാര വിതരണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) | ഇപ്പോൾ നൽകിവരുന്ന നഷ്ടപരിഹാര തുക ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | നിലവിൽ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് തീരുമാനങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ